**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. V. VIGNESHWARI. IAS)

വിഷയം:- വനിതാ -ശിശു വികസന വകുപ്പ് -സംയോജിത ശിശുവികസന സേവന പദ്ധതി- SNA SPARSH-അങ്കണവാടി സർവ്വീസസ് (ജനറൽ) പദ്ധതി (Scheme code- KL 247) വാടകയിനത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടി കെട്ടിടങ്ങളുടെ 2026 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള വാടക തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: 1) കേന്ദ്ര സർക്കാരിൽ നിന്നുള്ള 14.10.2025 ലെ CD-11-212/2025-CD1 നമ്പർ കത്ത്.

2).കേന്ദ്ര സർക്കാരിന്റെ 03.07.2026 തീയതിയിലെ CD-11-14/1/2026 - CD -II (e-142816) നമ്പർ കത്ത്.

3)വിവിധ തീയതികളിലെ ജില്ലാ /പ്രോഗ്രാം ഓഫീസർമാരുടെ ഫണ്ട് റിക്വസ്റ്റ്.

**ഉത്തരവ് നം: DWCD/3319/2026-ICDSB5 തീയതി: 29-07-2026**

വനിത ശിശുവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ശിശുവികസന സേവനപദ്ധതി സക്ഷം അങ്കണവാടി & പോഷൻ അഭിയാൻ 2.0 അമ്പ്രല്ല പദ്ധതിയിൽ ഉൾപ്പെടുന്നതിനാൽ SNA-SPARSH Module മുഖേന നടപ്പിലാക്കുന്നതിന് പരാമർശം(1) പ്രകാരം കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സക്ഷം അങ്കണവാടി & പോഷൻ അഭയാൻ 2.0 അമ്പ്രല്ല പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ അങ്കണവാടി സർവ്വീസസസ് (ജനറൽ)(KL-247) പദ്ധതിക്കായി RBI -ൽ അക്കൗണ്ട് (Account no.01585701218) ആരംഭിക്കുകയും SNA SPARSH Module -ൽ പദ്ധതി map ചെയ്തിട്ടുമുണ്ട്.

കേന്ദ്ര സർക്കാരിൽ നിന്നും നടപ്പ് വർഷത്ത അംഗീകൃത APIP പരാമർശം (2) പ്രകാരം ലഭ്യമായിട്ടുണ്ട്. അതിൻ പ്രകാരം നടപ്പ വർഷം വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് വാടക തുക അനുവദിക്കുന്നതിനുള്ള അംഗീകാരം ലഭ്യമായിട്ടുണ്ട്. 2026-27 സാമ്പത്തിക വർഷം വകുപ്പിന് കീഴിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് 2026 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള വാടക തുക അനുവദിക്കുന്നതിനായി പരാമർശം (3) പ്രകാരം പ്രോഗ്രാം ഓഫീസർമാർ അഭ്യർത്ഥിച്ചിട്ടുമുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ അനുബന്ധം എ-യിൽ ചേർത്തിരിക്കും പ്രകാരം 2026 ഏപ്രിൽ

മുതൽ ജൂൺ വരെയുള്ള വാടക തുകയായ 4,95,94,486/-രൂപ (നാല് കോടി തൊണ്ണൂറ്റിയഞ്ച് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി നാനൂറ്റി എൺപത്തിയാറ് രൂപ മാത്രം) അതാത് ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്ക് അനുവദിച്ചുത്തരവാകുന്നു.

പ്രസ്തുത തുക ജില്ലാ വനിത ശിശുവികസന ഓഫീസർമാർ SNA- SPARSH മുഖേന പ്രോഗ്രാം ഓഫീസർമാർ നല്കിയിട്ടുള്ള റിക്വസ്റ്റ് പ്രകാരം ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർക്ക് അലോട്ട്മെന്റായി നല്കേണ്ടതും ശിശുവികസന പദ്ധതി ഓഫീസർമാർ ടി തുക അടിയന്തിരമായി വിനിയോഗിക്കേണ്ടതുമാണ്. പ്രസ്തുത തുകയിൽ 2,97,56,692/- രൂപ കേന്ദ്ര വിഹിതവും 1,98,37,794/- രൂപ സംസ്ഥാന വിഹിതവുമാണ്. ശിശുവികസന പദ്ധതി ഓഫീസർമാർ 2235-02-102-18-02 പ്ലാൻ ശീർഷകത്തിൽ ലഭിക്കുന്ന അലോട്ട്മെന്റിൽ നിന്നും (03.01) Rent എന്ന കമ്പോണന്റ് മുഖേന മാത്രമേ പ്രസ്തുത ആവശ്യത്തിലേയ്ക്കുള്ള എക്സ്പെൻഡിച്ചർ നടത്താവൂ.ശിശുവികസന പദ്ധതി ഓഫീസർമാർ കമ്പോണന്റ് മാറി തുക ചെലവഴിക്കുവാൻ പാടുള്ളതല്ല.

ശിശുവികസന പദ്ധതി ഓഫീസർമാർ അങ്കണവാടി കെട്ടിട വാടക ഇനത്തിൽ അനുവദിക്കുന്ന തുക 2026 ആഗസ്റ്റ് 10 നകം പൂർണ്ണമായും വിനിയോഗിക്കേണ്ടതാണ്. ശിശുവികസന പദ്ധതി ഓഫീസർമാർക്ക് അനുവദിക്കുന്ന തുക യഥാസമയം കെട്ടിട ഉടമകൾക്ക് മാറി നല്കിയിട്ടുണ്ടെന്ന് പ്രോഗ്രാം ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതും തുക ചെലവഴിച്ചത് സംബന്ധിച്ച ധനവിനിയോഗ സാക്ഷ്യപത്രം ശിശുവികസന പദ്ധതി ഓഫീസർമാർ ആഗസ്റ്റ് 15 നകം പ്രോഗ്രാം ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതും പ്രോഗ്രാം ഓഫീസർമാർ ആയത് ക്രോഡീകരിച്ച് ജില്ലാ വനിത ശിശുവികസന ഓഫീസർ മുഖാന്തിരം ആഗസ്റ്റ് 25 നകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

V. VIGNESHWARI. IAS
വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ല വനിത ശിശുവികസന
ഓഫീസർമാർക്കും

പകർപ്പ് :

1) സൂപ്രണ്ട് അക്കൗണ്ട്സ് സെക്ഷൻ
2) എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3) എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും
4) സ്റ്റോക്ക്ഫയൽ / സ്പെയർ

ഉത്തരവിൻ പ്രകാരം
Bindu
സൂപ്രണ്ട്

File No.DWCD/3319/2026-ICDSB5 29-07-2026

<u>അനുബന്ധം എ</u>

| ക്രമ നം | ജില്ല | 2026 ഏപ്രിൽ മുതൽ ജൂൺ വരെ അനുവദിക്കുന്ന തുക |
|---|---|---|
| 1. | തിരുവനന്തപുരം | 10179939 |
| 2. | കൊല്ലം | 7047209 |
| 3. | ആലപ്പുഴ | 7133800 |
| 4. | പത്തനംതിട്ട | 3361676 |
| 5. | എറണാകുളം | 5928389 |
| 6. | ഇടുക്കി | 718085 |
| 7. | തൃശ്ശൂർ | 3500236 |
| 8. | പാലക്കാട് | 2520152 |
| 9. | കോഴിക്കോട് | 5664381 |
| 10. | കണ്ണൂർ | 2836655 |
| 11. | കാസർഗോഡ് | 703964 |
| | ആകെ | 4,95, 94,486/- |

(ആകെ നാല് കോടി തൊണ്ണൂറ്റിയഞ്ച് ലക്ഷത്തി തൊണ്ണൂറ്റിനാലായിരത്തി നാണൂറ്റി എൺപത്തിയാറ് രൂപ മാത്രം)

വനിത ശിശുവികസന ഡയറക്ടർക്കുവേണ്ടി